# ബുഫേ ലഞ്ചും അകലെയല്ല

മെഗാസീരിയലുകളെക്കുറിച്ച് ഞാനെഴുതിയ കുറിപ്പിനോടുള്ള ബിജു. എസ്. ബാലന്റെ പ്രതികരണം വായിച്ചു. ആഗോളവൽക്കരണ തന്ത്രങ്ങളുടെ ഭാഗമായി ഇറക്കുമതി ചെയ്തതാണ് മെഗാസീരിയലുകളെന്ന് ഞാൻ എഴുതിയിട്ടില്ല. മാതൃക 'ബോൾഡ് ആന്റ് ദ ബ്യൂട്ടിഫുളും' 'റിവിയേര'യും ഒക്കെയാണെന്നാലും മെഗാസീരിയലുകൾ പുറന്തള്ളുന്ന പൈങ്കിളിസംസ്കാരം നമ്മെ ആഗോളവൽക്കരണക്കെണിയിൽ ഒതുങ്ങാൻ പ്രേരിപ്പിക്കുമെന്നാണ് ആ കുറിപ്പുകൊണ്ട് ചൂണ്ടിക്കാണിക്കാൻ ശ്രമിച്ചത്. കെണിയിൽ കുരുങ്ങി പിടയുമ്പോഴും 'ഇത് തന്റെ വിധി' എന്നു ചിന്തിച്ച് ആശ്വാസം കൊള്ളാൻ പഠിപ്പിക്കുന്നത് മെഗാസീരിയലോ ഭഗവദ്ഗീതയോ ഡി.പി.ഇ.പി. പാഠപുസ്തകമോ ആകട്ടെ, അത് 'കത്തിച്ച്' കൊണ്ട് പ്രതിഷേധിക്കുവാനുള്ള അവകാശം നാം കൈവിടരുത്; പ്രതിഷേധങ്ങളുടെ ആവർത്തന വിരസത ബിജുവിനെ അലട്ടുന്നുണ്ട് എങ്കിൽപ്പോലും.

ബിജുവിനുള്ള ഉത്തരം ബിജുവിന്റെ കത്തിൽ തന്നെയുണ്ട്. ബിജു ആരോപിക്കുന്നതു പോലെ ശത്രുവിനെ കുറ്റം പറയുകയല്ല, ശത്രുവിനെതിരെ പ്രതിരോധസജ്ജമാകാനുള്ള ആഹ്വാനം (സാധാരണക്കാർക്കും അതാകാമല്ലോ) ആയിരുന്നു ആ കുറിപ്പ്. അവഗണനയുടെ പടുകുഴിയിലേക്കിട്ടു തരുന്ന നക്കാപ്പിച്ചകൾ വാങ്ങി കീഴടങ്ങി ഒതുങ്ങാതെ പോരാട്ടത്തിന്റെ പാതയിലേക്കു വരിക. പോരാടുന്നവർക്കൊപ്പം (അതിന്റെ സാറടീച്ചറെയും മേധാദീദിയെയും പോലുള്ള 'ലോക്കൽ ഫെമിനിസ്റ്റുകളും' പിന്നെ അനേകം സ്ത്രീ പുരുഷന്മാരും പെടും) മനസ്സറിഞ്ഞ് അണിചേരുക.

മെഗാസീരിയലുകൾക്ക് സ്ത്രീകൾ മാത്രമല്ല നല്ലൊരുപങ്ക് പുരുഷന്മാരും പ്രേക്ഷകരായുണ്ട്. അതൊരു വലിയ അപരാധവുമല്ല. "കാണുന്നതെല്ലാം പൊന്നല്ല" എന്ന് തിരിച്ചറിയാനുള്ള വിവേകം ഉണ്ടായാൽ മതി. തങ്ങളുടെ നിലനിൽപ്പിനായി മാധ്യമങ്ങൾ പടച്ചുണ്ടാക്കിയ വിപണന തന്ത്രങ്ങളെ എതിരിടാനുള്ള ശേഷി ആർജ്ജിക്കാനായാൽ പ്രേക്ഷകർ രക്ഷപ്പെടും. ശർബത്തും ലസ്സിയും സംഭാരവും കോളസംസ്കാരത്തിന് കീഴ്പ്പെട്ടെങ്കിൽ, പച്ചവെള്ളത്തിന്റെ സ്ഥാനം മിനറൽ വാട്ടർ കയ്യടക്കിയെങ്കിൽ, ബുഫെ ലഞ്ചും വിദൂരത്തല്ല ബിജു. 'ആഗോളവൽക്കരണം' അത്രമേൽ നമുക്കിടയിലേക്ക് നുഴഞ്ഞു കയറിക്കഴിഞ്ഞു.

ഏഷ്യാനെറ്റിന്റെ വൈസ് പ്രസിഡന്റ് ശ്രീ പി.എം. മേനോൻ ഈയിടെ തിരുവനന്തപുരത്തു നടന്ന ഒരു മാധ്യമസെമിനാറിൽ പറഞ്ഞു; "വൈകുന്നേരം ഏഴര മുതൽ പത്ത് വരെയുള്ള പ്രൈം ടൈം (സീരിയൽ ടൈം) മുതിർന്നവർക്കു വേണ്ടി മാത്രമുള്ളതാണ് ഞാനെന്റെ കുഞ്ഞുങ്ങളെ ഈ സമയത്ത് ടീവി കാണാൻ അനുവദിക്കാറില്ല!" സ്വന്തം കുഞ്ഞുങ്ങളെ സ്റ്റാർ ടീവി കാണാൻ അനുവദിക്കാറില്ലെന്ന് പണ്ട് റൂപർട്ട് മുഡ്രോക്കും (സ്റ്റാർ ടീവി ഉടമ) പറഞ്ഞിട്ടുണ്ട്. നമുക്കിടയിലും മുഡ്രോക്കുമാരുണ്ട്. കുന്നംകുളം മോൾഡിൽ, അസ്സൽ ആഗോളവൽക്കരണ ഉൽപ്പന്നങ്ങൾ! നമ്മുടെ കുഞ്ഞുങ്ങളെ ഇവർക്കു നാം എറിഞ്ഞു കൊടുക്കണോ? സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും ചിന്തിക്കട്ടെ.

മെഗാസീരിയലുകളും പരസ്യങ്ങളും പൈങ്കിളി സിനിമയും എല്ലാം നമ്മെ വാർത്തെടുക്കാനുള്ള ഓരോ അച്ചുകളാണിവർക്ക്. ഫ്യൂഡൽ കാലഘട്ടത്തിൽ ചെവിയിൽ ഈയമുരുക്കി ഒഴിച്ചവർ, ആഗോളവൽക്കരണയുഗത്തിൽ മെഗാസീരിയലും പരസ്യവും പൈങ്കിളി സിനിമയും ഉരുക്കിയൊഴിക്കുന്നുവെന്നു മാത്രം.

രൺജിത് തങ്കപ്പൻ